**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **04.11.2019 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 1930**

**ബി.പി.സി.എൽ. കൊച്ചി റിഫൈനറിയുടെ സ്വകാര്യവത്കരണം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.പി.സജീന്ദ്രൻ :** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) | ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡിന്റെ കൊച്ചി റിഫൈനറി സ്വകാര്യവത്കരണം നടത്തുന്നതിനായി കേന്ദ്ര ഗവൺമെന്റ് ഓഹരി വിറ്റഴിക്കൽ നടപടികളുമായി മുന്നോട്ട്പോകുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ), (ബി) & (സി) | 2019-20 ൽ 1.05 ലക്ഷം കോടി രൂപ ഓഹരി വിറ്റഴിക്കലിലൂടെ ലക്ഷ്യമിടുന്ന എന്ന കേന്ദ്രസർക്കാരിന്റെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ തുടർച്ചയായി മഹാരത്ന പദവിയിലുള്ളതും ഏകദേശം 5000 കോടി രൂപയിലധികം വാർഷിക ലാഭമുള്ളതുമായ രാജ്യത്തെ വലിയ പെട്രോളിയം കമ്പനികളിലൊന്നായ ബി.പി.സി.എൽ നെ സ്വകാര്യവൽക്കരിക്കുന്നതിനുള്ള നീക്കം ആരംഭിച്ചിട്ടുള്ളതായി അറിയുന്നു. കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ സുപ്രധാനമായ സംഭാവന നല്കിവരുന്ന ബി.പി.സി.എൽ സ്വകാര്യവൽക്കരിക്കുന്നതുമൂലം സംസ്ഥാനത്തിന് ഭീമമായ സാമ്പത്തിക നഷ്ടമായിരിക്കും ഉണ്ടാവുക.<br>കൊച്ചിൻ റിഫൈനറിയുടെ ഉല്പന്നത്തെ ആശ്രയിച്ച് കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി ആരംഭിക്കാനുദ്ദേശിക്കുന്ന പെട്രോകെമിക്കൽ പാർക്കിന്റെ ഭാവിയെ ബി.പി.സി.എൽ ന്റെ സ്വകാര്യവൽക്കരണം പ്രതികൂലമായി ബാധിക്കും. സംസ്ഥാനത്തിന്റെ വികസനത്തേയും വ്യവസായവൽക്കരണത്തേയും പ്രതികൂലമായി ബാധിക്കുന്ന ബി.പി.സി.എൽ സ്വകാര്യവൽക്കരണം ഉപേക്ഷിക്കണമെന്ന് അഭ്യർത്ഥിച്ച് മുഖ്യമന്ത്രി ബഹു.പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. |
| (ബി) | ബി.പി.സി.എൽ. കൊച്ചി റിഫൈനറി വിപുലീകരണത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ പെട്രോകെമിക്കൽ പാർക്ക് ഉൾപ്പെടെയുള്ള വൻകിട വ്യവസായ പ്രവർത്തനങ്ങൾക്ക് മുതൽ മുടക്കിയ സാഹചര്യത്തിൽ സ്വകാര്യവത്ക്കരണ നടപടികൾ നിർത്തി വയ്ക്കുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോയെന്ന് വ്യക്തമാക്കുമോ; | | |
| (സി) | സ്വകാര്യവത്ക്കരണത്തിനെതിരെ കേരള സർക്കാർ എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**